# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെക്യാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ:  dokkd.ksad@kerala.gov.in

ഫോൺ :  0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.10/494/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെക്യാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.10/494/21 തീയ്യതി: 22/03/2021

## കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2021 | 15-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിനിത്ത്.എ സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. തൊടുവയിൽ മുഹമ്മദ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. മുസ്തഫ ടി.പി | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| **പേര്** | **ഉദ്യോഗപ്പേര്** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| ശ്രീ.വി.രാജീവൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. അനീഷ് .കെ.പി | വെറ്ററിനറി സർജൻ | 01-04-2019 | 21-08-2019 |
| ഡോ. ഗിരീഷ് കുമാർ | വെറ്ററിനറി സർജൻ | 22-08-2019 | 01-10-2019 |
| ഡോ. സാരഥി | വെറ്ററിനറി സർജൻ | 01-10-2019 | 31-03-2020 |
| ഡോ. അനിൽ കുമാർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി.അമല ശശിധരൻ | കൃഷി ഓഫീസർ | 01-04-2019 | 16-01-2020 |
| ശ്രീമതി. അഞ്ജന.ജെ.മധു | കൃഷി ഓഫീസർ | 17-01-2020 | 31-03-2020 |
| ശ്രീമതി. നിഷ.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. പി.പി. രാജൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ. ബജീഷ്.കെ | വി.ഇ.എ | 01-04-2019 | 31-03-2020 |
| രതീഷ് രവീന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 10-07-2019 |
| അബ്ദുൾ ഗഫൂർ | അസിസ്റ്റന്റ് എഞ്ചിനീയർ | 10-07-2019 | 31-03-2020 |
| ശ്രീമതി. അനുപമ സുഗതൻ | ഡി.ഇ.ഒ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-2 |
| 3 | സാമ്പത്തിക നില<br>Written By: M.Karunakaran (Audit Officer, On 15-03-2021)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 15-03-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Shinith A (Senior Grade Auditor, On 16-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 15-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: SURESH KUMAR S (Senior Grade Auditor, On 15-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: M.Karunakaran (Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Shinith A (Senior Grade Auditor, On 15-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: M.Karunakaran (Audit Officer, On 15-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-9 |
| 10 | വസ്തു നികുതി ഡിമാന്റ് നോട്ടീസ് നൽകുന്നില്ല.<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-10 |
| 11 | രസീതുകളിൽ കെട്ടിട നികുതി എന്നു കാണിക്കുന്നു<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-10(1) |
| 12 | നികുതി ഈടാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ രസീതുകളിൽ ചേർക്കുന്നില്ല<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-10(2) |
| 13 | വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കൽ<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-10(3) |
| 14 | 660 ചതുരശ്ര അടിയിൽ താഴെയുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-10(4) |
| 15 | ലൈബ്രറി സെസ്സ് യഥാസമയംഅടയ്ക്കുന്നില്ല.<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-10(5) |
| 16 | വസ്തു നികുതി രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-10(6) |

| | | |
|---|---|---|
| 17 | തൊഴിൽനികുതി പിരിവിലെ അപാകതകൾ<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-11 |
| 18 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-12 |
| 19 | ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക പുതുക്കി നിശ്ചയിക്കുന്നില്ല<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-13 |
| 20 | പ്രത്യേകം സ്റ്റോക്ക് അക്കൌണ്ടുകൾ സൂക്ഷിക്കുന്നില്ല<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 22-03-2021) | 1-14 |
| 21 | വീട് വാസയോഗ്യമാക്കൽ (എസ്.സി.) - പദ്ധതി നടത്തിപ്പിലെ അപാകതകൾ :-<br>Written By: SURESH KUMAR S (Senior Grade Auditor, On 15-03-2021)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 15-03-2021) | 1-15 |
| 22 | സംയുക്തപരിശോധനയില്ലാതെ പൊതുടാപ്പുകളുടെ വെള്ളക്കരമടവാക്കുന്നത് സംബന്ധിച്ച്.<br>Written By: M.Karunakaran (Audit Officer, On 15-03-2021)<br>Last Updated By: M.Karunakaran (Audit Officer, On 15-03-2021) | 1-16 |
| 23 | കൃത്യതയില്ലാതെ തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് അടവാക്കുന്നു<br>Written By: M.Karunakaran (Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-17 |
| 24 | കുടിവെള്ളവിതരണം -സർക്കാർ നിശ്ചയിച്ചപരിധിയിൽ കൂടിയതുക ചെലവുവന്നതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-18 |
| 25 | പഞ്ചായത്ത് ജീവനക്കാരുടെ യാത്രാബത്ത അനുവദിക്കുന്നതിൽ അപാകത<br>Written By: M.Karunakaran (Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-19 |
| 26 | ഹിൽട്രാക്ക് അലവൻസ് കുടിശ്ശിക അനുവദിക്കുന്നതിന് മുമ്പ് ആയത് സംബന്ധിച്ച് വ്യക്തത വരുത്തിയില്ല.<br>Written By: M.Karunakaran (Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-20 |
| 27 | ശുചിത്വ ബോർഡുകൾ സ്ഥാപിക്കൽ-ബോർഡുകൾ സ്ഥാപിച്ചതിന് രേഖകളില്ല<br>Written By: M.Karunakaran (Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-21 |
| 28 | ആശ്രയ ഭവന പുനരുദ്ധാരണം (ജനറൽ) - ആദ്യഗഡു കൈപ്പറ്റി - നിർമാണം ആരംഭിച്ചിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-22 |
| 29 | ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-23 |
| 30 | പെയിൻ & പാലിയേറ്റീവ് കെയർ (പ്രോജക്ട് നം.48/19-20) പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ | 1-24 |

| | | |
|---|---|---|
| | Written By: SURESH KUMAR S (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | |
| 31 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-25 |
| 32 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതു ന്യൂനതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-26 |
| 33 | മരാമത്ത് പ്രവർത്തികളിൽ കരാറുകാരന് അനർഹമായി ഓവർഹെഡ്സ് ചാർജ്ജ് അനുവദിച്ചു<br>Written By: SURESH KUMAR S (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-27 |
| 34 | ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട പൊതു അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 1-28 |


## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Balakrishnan K.M (Audit Officer (HG), On 16-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Balakrishnan K.M (Audit Officer (HG), On 16-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Balakrishnan K.M (Audit Officer (HG), On 16-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Balakrishnan K.M (Audit Officer (HG), On 16-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ | 4-9 |

| | | |
|---|---|---|
| | തുകകളുടെ വിവരം<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shinith A (Senior Grade Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 22-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 13.2.19 ൽ കൂടിയ ഭരണസമിതിയുടെ32/19 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ചബജറ്റ് 10.3.2020ലെ 45/20നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994ലെ കേരളപഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഭരണസമിതി അംഗീകരിച്ചുനൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. 26.32020 ൽ കൂടിയ ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റി ബജറ്റ് റിവൈസ് ചെയ്യുകയും ആയത് 10.3.2020 ൽ ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റിവൈസ് ചെയ്ത ബജറ്റിന്റെ പൂർണരൂപം പരിശോധനക്ക് ലഭ്യമായിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്തിയ റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയും പഞ്ചായത്തിന്റെ യഥാർത്ഥ വരവും, ചെലവും, നീക്കിയിരിപ്പും തമ്മിലും ഭീമമായ അന്തരം കാണുന്നു. പരിഷ്കരിച്ച ബജറ്റ് പ്രകാരം സാമ്പത്തിക വർഷത്തെ വരവ് 220580666 രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് 47358490 രൂപ മാത്രമാണ് അതേപോലെ തന്നെ ചെലവ് പരിഷ്കരിച്ച ബജറ്റ് പ്രകാരം 230371364 രൂപയും യഥാർത്ഥ ചെലവു 48229312 രൂപയുമാണ്. ഇതേപോലെ തന്നെ മുന്നിരിപ്പിലും നീക്കിയിരിപ്പിലും യഥാർത്ഥ നീക്കിയിരിപ്പുമായി വൻ അന്തരമുണ്ട്. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കിയപ്പോഴും, റിവൈസ് ചെയ്തപ്പോഴും ആയത് യാഥാർത്ഥ്യ ബോധ്യത്തോടുകൂടി തയ്യാറാക്കി അംഗീകാരം വാങ്ങാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

സ്ഥാപനത്തിന്റെ 2019-20 വർഷത്തിലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1-11(1) 2018-19 വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരമുള്ള തുകയും 2019-20 വർഷത്തിലെ ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരമുള്ള തുക - 545000

2019-20 വർഷത്തിലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് - 546325

1-11(2) രജിസ്റ്ററുകളും വാർഷിക കണക്കുകളും തമ്മിലുള്ള പരിശോധന

2019-20 വർഷത്തിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ (Advance To Implementing Agencies- Deposit With KSEB) അടങ്ങിയ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല

1-11(3) ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷ പർച്ചേസുകളുടെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15 ന മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പ് നടത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

1-11(4) വാർഷിക കണക്കിനൊപ്പം അടിസ്ഥാന അനുപാതങ്ങൾ,പ്രധാന അക്കൌണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം ആവർത്തിച്ച് ചൂണ്ടിക്കാട്ടിയിട്ടും ഇക്കാര്യത്തിൽ അധികൃതർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

## 1-3 സാമ്പത്തിക നില

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 19435718.97 |
| ഓഡിറ്റ് വർഷത്തെ വരവ് | 47358490 |
| ആകെ | 66794208.97 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 48229312 |
| നീക്കിയിരിപ്പ് | 18564896.97 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1509739 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 10881471 | 10881471 | 7388644 | 3492827 | 2069572 രൂപയുടെ ക്യൂബിൽ |
| വികസനഫണ്ട് എസ്.സി.പി | | 782000 | 782000 | 782000 | - | |
| വികസനഫണ്ട് .ടി.എസ്.പി | | 505294 | 505294 | 360647 | 144647 | |
| മെയിന്റനൻസ് ഗ്രാന്റ്. റോഡ് | | 20043000 | 20043000 | 7890724 | 12152276 | 8716906 ക്യൂബിൽ |
| മെയിന്റനൻസ് ഗ്രാന്റ്.നോൺറോഡ് | | 3327000 | 3327000 | 1243237 | 2083763 | 1317689 ക്യൂബിൽ |
| C.F.C.ഗ്രാന്റ് | | 8565111 | 8565111 | 4497595 | 4067516 | 3371611 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | രൂപയുടെ ക്യൂബിൽ |
| ലോകബാങ്ക് സഹായം | | - | - | - | - | |
| M.G.N.R.E.G.S വേതനം | | 43275000 | 43275000 | 43275000 | - | |
| M.G.N.R.E.G.S ഭരണചെലവുകൾ | 59448 | 1591054 | 1650502 | 1399512 | 250990 | |
| ലൈഫ് പ്രൊജക്റ്റ് സ്റ്റേറ്റ് ഷയർ | - | 140500 | 140500 | 140500 | - | |
| അഗതി രഹിതകേരളം സ്പെഷൽ ഗ്രാന്റ് | | 816263 | 816263 | 816263 | - | |
| സ്പെഷൽ ന്യൂട്രീഷൻ പ്രൊഗ്രാം | 141795 | 1258420 | 1400215 | 598613 | 801602 | |
| സുചിത്വമിഷൻ ഗ്രാന്റ് | 100000 | - | - | - | 100000 | |
| സുചിത്വമിഷൻ പർഫോമൻസ് ഇൻസന്റീവ് ഗ്രാന്റ് | 1085304 | - | 1085304 | 38667 | 1046637 | |
| സ്പെഷൽ ഗ്രാന്റ് ബഡ്സ് സ്കൂൾ സജീകരണം | 1250000 | - | 1250000 | - | 1250000 | |
| കോർപ്പസ് ഫണ്ട്. ടി.എസ്.പി | 2450000 | - | 2450000 | - | 2450000 | |

മേൽ പറഞ്ഞ പ്രകാരം ലഭ്യമായ ഗ്രാന്റുകളിൽ വികസനഫണ്ട്,മെയിന്റനൻസ് ഗ്രാന്റ്, C.F.C.ഗ്രാന്റ് എന്നിവയിൽ ചെലവഴിക്കാതെയുള്ള തുക സാമ്പത്തികവർഷാവസാനം ലാപ്സായിട്ടുണ്ട്. മറ്റ് ഗ്രാന്റുകളിൽ മുൻവർഷങ്ങളിലുൾപ്പെടെ ലഭ്യമായതും സാമ്പത്തികവർഷത്തിൽ ചെലവഴിക്കപ്പെട്ടതും, ചെലവഴിക്കാനവശേഷിക്കുന്ന വിവിധ ഗ്രാന്റുകളുടെ വിവരമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനോടനുബന്ധമായി പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)വികസനഫണ്ട് ജനറൽ ചെലവ് രേഖപ്പെടുത്തിയ 7712173 രൂപയിൽ ലൈഫ് മിഷൻ ഹഡ്കോവായ്പ തിരിച്ചടവായി രണ്ടുഗഡുക്കളായി ഉറവിടത്തിൽ നിന്നും കുറവുചെയ്ത 323529 രൂപ ഉൾപ്പെടുന്നുണ്ട്. ഉറവിടത്തിൽ നിന്നും കുറവുചെയ്തതാകയാൽ ആയത് കുറവുചെയ്ത തുകയാണ് പഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ലഭ്യമായ അലോട്ട്മെന്റിൽ നിന്നുള്ള യഥാർത്ഥ ചെലവ് ഉറവിടത്തിൽ നിന്നും കുറവുചെയ്ത 323529 രൂപ കഴിച്ച് 7388644 രൂപയാണ്.

2)സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ സ്റ്റേറ്റ് മെന്റ് പ്രകാരം വികസനഫണ്ട് ടി.എസ്.പി.ഇനത്തിൽ സാമ്പത്തികവർഷം ചെലവുരേഖപ്പെടുത്തിയത് 375353 രൂപയാണ്. ഇതിൽ 14706 രൂപ ഹഡ്കോവായ്പ തിരിച്ചടവായി ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകയാണ്. ആയത്

കുറവുചെയ്ത തുകയാണ് സ്ഥാപനത്തിന് അലോട്ട്മെന്റ് ലഭ്യമായിട്ടുള്ളത്. സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നുള്ള യഥാർത്ഥചെലവ് 14706 രൂപകുറവുചെയ്തുള്ള 360647 രൂപയാണ്.

3)വികസനഫണ്ട് .ടി.എസ്.പി. ഇനത്തിൽ നിന്നും മേൽപറഞ്ഞ പ്രകാരം 14706 രൂപ ഹഡ്കോ വായ്പാ തിരിച്ചടവായി കുറവ് ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്ത് ലൈഫ് മിഷൻ ഹഡ്കോ വായ്പ എടുത്തിട്ടില്ല.

പഞ്ചായത്ത് എടുക്കാത്ത ലോണിനാണ് തുക അഡ്ജസ്റ്റ് ചെയ്ത് അലോട്ട്മെന്റിൽ കുറവ് വരുത്തിയിരിക്കുന്നത്.

4) വികസനഫണ്ട് (വിവിധം), സെൻട്രൽ ഫൈനാൻസ് കമ്മീഷൻ ഗ്രാന്റ് ,മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺറോഡ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷൻ തുക, ബാലൻസ് തുക എന്നിവ രേഖപ്പെടുത്തിയതിന് ആധികാരികതയില്ല.

5) ക്രമനമ്പർ 4 ൽ പരാമർശിച്ച് ഗ്രാന്റിനങ്ങൾ ഒഴികെയുള്ള ഗ്രാന്റുകൾ മിക്കതും സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ ലഭ്യമാവാത്തതും, വിവിധ പ്രൊജക്ടുകൾ പ്രകാരം വകയിരുത്തിയതുമായ തുകകൾ ഗ്രാന്റ് വരവായിട്ടാണ്സെക്രട്ടറി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാ. S.S.A.വിഹിതം അടവാക്കുന്നതിന് വകയിരുത്തിയ തുക യാണ് S.S.A. വരവായി രേഖപ്പെടുത്തിയത്. അതേപോലെ തന്നെ I.C.D.S.സെൻട്രൽ ഷെയർ, കുടുംബശ്രീ എന്നിവക്കൊന്നും തന്നെ സാമ്പത്തികവർഷം വരവുവന്ന തുകയല്ല സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

6) സെക്രട്ടറി ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ടി.എസ്.പി.കോർപ്പസ് ഫണ്ടിനത്തിൽ സാമ്പത്തികവർഷം 3900000 ലക്ഷം രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നതിന് ആധികാരികതയില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 222 | 108 | 6 | 108 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 222 പ്രൊജക്ടുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 108 പ്രൊജക്ടുകൾക്ക് മാത്രമെ സാമ്പത്തികവർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. അവശേഷിക്കുന്ന പ്രൊജക്ടുകളിൽ 57 എണ്ണം സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിച്ച് ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ബില്ലുകൾ മാറുന്നതിനുള്ള നിയന്ത്രണം കാരണം സാമ്പത്തികവർഷത്തിൽ പണമാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെ വിവിധ ഫണ്ടിനങ്ങളിലായി ക്യൂ ബിൽ ആയ പ്രൊജക്ടുകളുടെ എണ്ണവും വിവിധ ഫണ്ടിനങ്ങളിൽ ചെലവുവന്ന തുകയുടെ വിശദവിവരവും താഴെക്കൊടുക്കുന്നു

| ഫണ്ടിനം | പ്രൊജക്ടുകളുടെ എണ്ണം | ക്യൂബിൽ ആയ തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | 10 | 2069572 |
| C.F.C.ഗ്രാന്റ് | 16 | 3371611 |
| | | |

| | | |
|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 25 | 8716906 |
| മെയിന്റനന് ഗ്രാന്റ് നോൺ റോഡ് | 6 | 1317689 |
| ആകെ | 57 | 15475778 |

മേൽ പട്ടികയിൽ നിന്നും 57 പ്രൊജക്ടുകളിലായി സാമ്പത്തികവർഷത്തിൽ 15475778 രൂപയുടെ പ്രൊജക്ട് ചെലവുകൾ പണമാക്കി മാറ്റാതെ ട്രഷറിയിൽ ക്യൂ ബിൽ ആയി അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാവുന്നു. നടപ്പിലാക്കാതെ പോയ പ്രൊജക്ടുകളിൽ ഭൂരിഭാഗവും അസി.എഞ്ചിനീയരെ നിർവഹണം നടത്താൻ ഏൽപിച്ച മരാമത്ത് പ്രൊജക്ടുകളാണ്. അസി.എഞ്ചീനീയർ നിർവഹണ ഉദ്യോഗസ്ഥനായി 128 പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതിൽ 46 പ്രൊജക്ടുകൾക്ക് മാത്രമെ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന പ്രൊജക്ടുകളിൽ 41 ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിട്ടും ക്യൂബിൽ ആകുകയും 28 പ്രവൃത്തികൾ മാർച്ചിന് മുമ്പ് പൂർത്തീകരിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ ട്രഷറിയിൽ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഇതുകൂടി ഉൾപ്പെടുത്തുമ്പോൾ സാമ്പത്തികവർഷത്തിൽ തന്നെ ഭൂരിഭാഗം പ്രൊജക്ടുകളും നടപ്പാക്കാൻ കഴിഞ്ഞതായി കാണുന്നു. പ്രൊജക്ടുകളുടെ നിർവഹണത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസങ്ങളിലും ചർച്ച നടത്തി നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തിവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തിക്കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിക്കായി സാമ്പത്തിക വർഷത്തിൽ വരവുവന്നതും, ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 59448 | 2603054 | 2662502 | 2411512 | 250990 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 44674512 | 44674512 | 44674512 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്ഷേമപദ്ധതികളുടെ പേര് | ചെലവവിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 23760 | 35 |
| കർഷകത്തൊഴിലാളി പെൻഷൻ | 1564800 | 465 |
| വിധവാപെൻഷൻ | 2506800 | 714 |
| വാർദ്ധക്യകാലപെൻഷൻ | 4368900 | 1258 |
| വികലാംഗ പെൻഷൻ | 913500 | 258 |
| | | |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 39600 | 11 |
| വിവാഹധനസഹായം | 60000 | 2 |

വിവിധ ക്ഷേമപെൻഷനുകൾ, തൊഴിൽരഹിതവേതനം എന്നിവക്കായി ലഭിക്കുന്ന അപേക്ഷകളിൽ തീരുമാനം കൈകൊണ്ട് വിവിധപെൻഷൻ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം നിശ്ചിതസമയപരിധിക്കകം പെൻഷനുകൾ , തൊഴിൽ രഹിതവേതനം എന്നിവ വിതരണം ചെയ്തതായി കാണുന്നില്ല.അപേക്ഷകൾ ലഭിച്ച് മൂന്നും, നാലും മാസങ്ങൾക്ക് ശേഷമാണ് അപേക്ഷകളിൽ തീരുമാനം കൈകൊണ്ടുവരുന്നതെന്ന് ബന്ധപ്പെട്ട പെൻഷനുകളുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു.അപേക്ഷാരജിസ്റ്ററിൽ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് അന്വേഷണത്തിനായി കൈമാറിയ തിയ്യതി,ഉദ്യോഗസ്ഥർ അപേക്ഷകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ച തിയ്യതി എന്നിവ രേഖപ്പെടുത്താത്തതിനാൽ അപേക്ഷകളിൽ തീരുമാനംകൈകൊള്ളുന്നതിന് ഏത് ഘട്ടത്തിലാണ് താമസം ഉണ്ടായതെന്ന് വ്യക്തമല്ല. ഓഡിറ്റ് വർഷം ലഭ്യമായ വാർദ്ധക്യകാലപെൻഷൻ അപേക്ഷകളിൽ കുമാരൻ അടിച്ചിതലക്കൽ, മൊയ്തു.കെഎം, കുന്നമ്മൽ താഴ, അബ്ദുള്ള മുണ്ടോളിന്റെവിട, നഫീസ പുത്തൻ പീടികയിൽ, മാണിക്യം ഇളമ്പയിൽ എന്നിവരുടെ അപേക്ഷകളിലും, കർഷകത്തൊഴിലാളി പെൻഷൻ അപേക്ഷകരായയ കൃഷ്ണൻ കയ്യേരിക്കൽ, കൃഷ്ണൻ അരുണ്ടയിൽ എന്നിവരുടെ അപേക്ഷകളിലും നാളിതുവരെ തീരുമാനം കൈകൊണ്ടു കാണുന്നില്ല.

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 4.3.2021 ൽ 2.30 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പായ 12691 (പന്ത്രണ്ടായിരത്തി അറുനൂറ്റി തൊണ്ണൂറ്റി ഒന്ന്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ് . വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ച നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്താൻ മേലുദ്യോഗസ്ഥർ ചിലസമയങ്ങളിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക്,ബാങ്ക് ബുക്ക് എന്നിവദിവസേന സെക്രട്ടറി ഒപ്പുവെക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി സൂക്ഷിച്ചുവരുന്നുണ്ട്. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കുന്നുണ്ട്. ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിലും, ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം പരിഹാരനടപടികൾ കൈക്കൊള്ളുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കൂടുതൽ ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട് നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവുകണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ടജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി & ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധന മാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**<u>1-10 വസ്തു നികുതി ഡിമാന്റ് നോട്ടീസ് നൽകുന്നില്ല.</u>**

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും,സർചാർജ്ജും) ചട്ടങ്ങൾ 14 പ്രകാരം വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ, 12ാംചട്ടം പ്രകാരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും, 13ാംചട്ടം പ്രകാരം വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയ ശേഷം അപ്രകാരമുള്ള നികുതി ചുമത്തുന്നതിനു സെക്രട്ടറി ഓരോ കെട്ടിട ഉടമയ്ക്കും ഫോറം 9 ൽ ഒരു ഡിമാന്റ് നോട്ടീസ് നൽകേണ്ടതും, കെട്ടിട ഉടമയോ അയാളുടെ ഏജന്റോ കൈപ്പറ്റിയതിനു നോട്ടീസിന്റെ പകർപ്പിൽ കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്. ഇപ്രകാരം ഡിമാന്റ് നോട്ടീസ് നൽകുന്നില്ല.

**<u>1-10(1) രസീതുകളിൽ കെട്ടിട നികുതി എന്നു കാണിക്കുന്നു</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 203 ാം വകുപ്പിന്റെ ഭേദഗതി പ്രകാരം 24.03.1999 മുതൽ കെട്ടിട നികുതി (Building Tax) എന്നത് വസ്തു നികുതി (Property Tax) എന്നാക്കി മാറ്റിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് നൽകുന്ന രസീതുകളിൽ ഇപ്പോഴും കെട്ടിട നികുതി,' B T ' (Building Tax) എന്നിങ്ങനെയാണ് രേഖപ്പെടുത്തി വരുന്നത്. രസീതുകളിൽ വസ്തു നികുതി (Property Tax) എന്നുതന്നെ രേഖപ്പെടുത്തി നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**<u>1-10(2) നികുതി ഈടാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ രസീതുകളിൽ ചേർക്കുന്നില്ല</u>**

വസ്തു നികുതി കുടിശ്ശിക പിഴയില്ലാതെ ഈടാക്കുമ്പോൾ, പിഴ ഒഴിവാക്കിയതിനുള്ള കാരണം,

പിഴ സഹിതം ഈടാക്കുമ്പോൾ നിരക്ക് എന്നിവയും, പുതുതായി നികതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ, വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങൾ, നികുതി പുനർ നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ എന്നിവയുടെ കാര്യത്തിൽ ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ച ഫയൽ നമ്പറുകൾ എന്നിവയും, നികുതി പരിഷ്കരണത്തെ തുടർന്നു ബാലൻസ് ഈടാക്കുമ്പോൾ ഇതു സംബന്ധിച്ച വിശദാംശങ്ങളും രസീതുകളിൽ ചേർക്കേണ്ടതാണ്. മേൽപ്പറഞ്ഞ വിവരങ്ങളൊന്നും ഇല്ലാത്തതിനാൽ, കെട്ടിട ഉടമയ്ക്കു മാത്രമല്ല , മറ്റു സർക്കാർ ഏജൻസികൾക്കോ, ബേങ്കുകൾക്കോ പഞ്ചായത്തിനു തന്നെയോ, കെട്ടിടത്തിന്റെ അർദ്ധവാർഷിക നികുതി , നികുതിഅടച്ചത് എന്നിവ സംബന്ധിച്ച് വ്യക്തതയില്ലാതെവരുന്നു.

9.07.2015 ലെ സ ഉ (എം എസ് ) 231/15 തസ്വഭവ പ്രകാരം, 1975 ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5(എ) പ്രകാരമുള്ള ആഢംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ വർഷത്തെ ആഢംബര നികുതി അടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ വസ്തു നികുതി ഈടാക്കാൻ പാടുള്ളൂ. ഇക്കാര്യവും രസീതുകളിൽ ചേർക്കേണ്ടതാണ്.

## 1-10(3) വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കൽ

വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച 02.07.2013 ലെ ജി ഒ (എം എസ്) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, നികുതി മേൽപ്പറഞ്ഞ ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകേണ്ടതാണ്. കൂടാതെ ഇളവു അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2019-20 ൽ നിബന്ധന പാലിച്ചിട്ടില്ല.

## 1-10(4) 660 ചതുരശ്ര അടിയിൽ താഴെയുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്

സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2019-20 ൽ അനുവദിച്ച അപേക്ഷകളിൽ സ ഉ (എം എസ്) നം. 358/15/ ത സ്വ ഭ വ തിയ്യതി 16/12/2015 ൽ പറയുന്ന അനുബന്ധം (2) പ്രകാരം സത്യവാങ്മൂലം സമർപ്പിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-10(5) ലൈബ്രറി സെസ്സ് യഥാസമയംഅടയ്ക്കുന്നില്ല.

2000 ലെ കേരള അധികാര വികേന്ദ്രീകരണ നിയമം ( The Kerala Decentralisation Of PowersAct,2000) 35(8) (3) വകുപ്പ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് മൂന്ന് മാസത്തിനകം ലൈബ്രറി കൗൺസിലിൽ അടയ്ക്കാത്ത പക്ഷം 2% പിഴ പലിശ സഹിതം അടയ്ക്കേണ്ടതാണ്. 20.09.15 ലെ 10088/സി 3/05/എൽ എസ് ജി ഡി നം. കത്ത് പ്രകാരം പഞ്ചായത്ത് ഒരു വർഷം ലൈബ്രറി സൈസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി യഥാക്രമം ഏപ്രിൽ 30,നവംബർ 30 എന്നീ തിയ്യതികൾക്കുള്ളിൽ ലൈബ്രറി കൗൺസിലിലേക്ക് അടക്കേണ്ടതാണ്.

എന്നാൽ ഇതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ, 2018-19 ( Ii Nd Half), വർഷത്തിൽ പിരിച്ചെടുത്ത സെസ്സ് 2019 ഏപ്രിൽ 30 അടയ്ക്കുന്നതിനു പകരം 2019 നവംബറിലാണ്

അടച്ചിരിക്കുന്നത്. ( Rs. 144995/- Dt 13.11.2019) ലൈബ്രറി സെസ്സ് യഥാസമയം അടയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്

1-10(6) വസ്തു നികുതി രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3 (6) പ്രകാരം, ആക്റ്റിലെ 207 ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും സെക്രട്ടറി ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ച് പോരേണ്ടതാണ്.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3 (6) പ്രകാരം, 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും മേൽ ചട്ടങ്ങൾ 3 (6) പ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

3) മേൽ ചട്ടങ്ങൾ 13 പ്രകാരം, ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കുകയും വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തു കഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ഫോറം 8 ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

4) സ ഉ (എം എസ്) നം. 210/13/ ത സ്വ ഭ വ തിയ്യതി 04/06/2013 പ്രകാരം, സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് വസ്തു നികുതി നിർണ്ണയം നടപടികൾ പൂർത്തീകരിച്ച് ഗുണമേൻമയുള്ള കടലാസിൽ അതിന്റെ പ്രിന്റ് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററായി സൂക്ഷിക്കാവുന്നതുമാണ്. എന്നാൽ മേൽപ്പറഞ്ഞ രജിസ്റ്ററിൽ അതാതു സമയങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ഏകീകൃത സ്വഭാവത്തോടെ,കാലികമായി ഉപയോഗിക്കുന്നതിനാവശ്യമായ വിവരങ്ങൾ പ്രിന്റൗട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 3/2019-20 തീയതി 05.03.2021 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

1-11 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1) റിട്ടേൺ വാങ്ങാതെയുള്ള തൊഴിൽ നികുതി പിരിവ്

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഒരർദ്ധവർഷത്തേക്ക് തൊഴിൽനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥമായ കമ്പനിയോടോ ആളോടോ തുടർന്നുള്ള അർദ്ധവർഷത്തിൽ VI-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് നടത്തിയിരിക്കേണ്ടതാണ്. എന്നാൽ 2019-20 ലെ ലൈസൻസികളിൽ നിന്നും (F A C T E O S) തൊഴിൽനികുതി ഈടാക്കുന്നതിനു മേൽചട്ടപ്രകാരം നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ ചട്ടപ്രകാരം നോട്ടീസ് നല്കി റിട്ടേൺ ലഭ്യമാക്കേണ്ടതും ആയതു പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

2) ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പ് (ട്രേഡേഴ്സ്.)

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഇ, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 205 ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ 2019-20 ലെ കച്ചവടക്കാരുടെ തൊഴിൽനികുതി പിരിവ് സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരുടെ പേരും കച്ചവടത്തിന്റെ സ്വഭാവവും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുഴുവൻ വിവരങ്ങളും ചേർത്ത് വാർഡ് തലത്തിൽ ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്. സ്ഥാപനത്തിന്റെ പേരോ മറ്റു വിശദാംശങ്ങളോ രേഖപ്പെടുത്താത്തതിനാൽ (F A C T E O S) രജിസ്റ്ററുമായി താരതമ്യം ചെയ്യുന്നതിനോ തൊഴിൽനികുതി അടയ്ക്കാത്തവരെ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനോ കഴിയില്ല.

3) <u>തൊഴിൽ നികുതി ഈടാക്കിയില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, ഉപവകുപ്പ് (1) ( എ )(I) പ്രകാരം ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെട്ടിരിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതിചുമത്തേണ്ടതാണ്, എന്നാൽ 2019- 20 വർഷം പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനുകൾ സമർപ്പിച്ച Licensed Building Supervisor മാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ഇതു സംബന്ധിച്ച 2018-19 ലെ പരാമർശത്തെ തുടർന്നും നടപടികളൊന്നും സ്വീകരിച്ചു കാണുന്നില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 4 /2019-20 തീയതി 04.03.2021 ന ലഭിച്ച മറുപടിയിൽ തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം നോട്ടീസ് നൽകി റിട്ടേൺ ലഭ്യമാക്കുന്നതിനും ഡിമാന്റ് രജിസ്റ്ററിൽ ആവശ്യമായ മുഴുവൻ വിവരങ്ങളും ചേർത്ത് കാലികമാക്കുമെന്നും Licensed Building Supervisor മാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന്തൊഴിൽ നികുതി ഈടാക്കിയില്ല സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>1-12 ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ</u>

1) <u>യഥാസമയം ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കുന്നില്ല :</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ ) [Kerala Panchayath Raj (Issue Of Licence To Factories Traders Entrepreneurship Activities And Other Services) Rules, 1996 ചട്ടങ്ങൾ 10 പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന 30 ദിവസത്തിനുള്ളിൽ പട്ടിക II പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കിയാൽ ഈ ചട്ടങ്ങൾ പ്രകാരം ഏതൊരു ലൈസൻസും പുതുക്കി നൽകാവുന്നതാണ്.എന്നാൽ 2019-20 ൽ ലൈസൻസ് നല്കിയ 299 സ്ഥാപനങ്ങളിൽ 15 ഓളം കച്ചവട- വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് യഥാസമയം ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ബാക്കി സ്ഥാപനങ്ങൾ വൈകിയാണ് അപേക്ഷിച്ചിട്ടുള്ളത്. താമസിച്ച് സമർപ്പിക്കുന്ന അപേക്ഷയുടെ സംഗതിയിൽ പട്ടികയനുസരിച്ച് കൊടുക്കേണ്ട ലൈസൻസ് ഫീസിന്റെ 25 % അധിക ഫീസ് ചുമത്താവുന്നതാണ്. മാത്രമല്ല, മേൽ ചട്ടം 26 പ്രകാരം ചട്ടങ്ങളുടെ ലംഘനത്തിന 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 255 ാം വകുപ്പ് പ്രകാരം പഞ്ചായത്ത്( 1000/-രൂപ) പിഴ ശിക്ഷ നൽകേണ്ടതുമാണ്.

2 ) ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ

ലൈസൻസിനുള്ള അപേക്ഷകളിൽ പലതിലും മുടക്കു മുതൽ, ജീവനക്കാരുടെ എണ്ണം, മുൻവർഷത്തെ ലൈസൻസ് നമ്പർ സ്ഥാപനത്തിന്റെ പേര് എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

3) ലൈസൻസ് അനുവദിക്കുമ്പോൾ പരിഗണിക്കേണ്ട പ്രധാന വിഷയങ്ങൾ

I) കുടിശ്ശിക ഇല്ലെന്നുറപ്പാക്കണം

കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 236 (13) പ്രകാരം പഞ്ചായത്തിനു നൽകേണ്ടതായ ഏതെങ്കിലും നികുതിയോ ഫീസോ മറ്റു കടങ്ങളോ നല്കാനുള്ള ഏതൊരാൾക്കും ഈ ആക്റ്റിനു കീഴിലുള്ള ഏതൊരു ലൈസൻസോ അനുവാദമോ നൽകാൻ പാടുള്ളതല്ല.

Ii) ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തിയ ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ടെന്നുറപ്പുവരുത്തണം

സ ഉ (സാധാ) നം 795/07 തസ്വഭവ തി 16.03.2007,സ ഉ (സാധാ) നം 2692/07 തസ്വഭവ തി03.10.2007, സർക്കുലർ നം. 63624/ആർ സി.3/2008തസ്വഭവ തി30.01.2008, സർക്കുലർ നം. 4658ആർ സി.2/2008 തസ്വഭവ തി 15.06.2009 എന്നിവ പ്രകാരം കേന്ദ്ര- സംസ്ഥാന സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആശുപത്രികളിലും കടകളുൾപ്പെടെ മറ്റു സ്ഥാപനങ്ങളിലും സ്ഥലനാമം രേഖപ്പെടുത്തിയ ബോർഡുകൾ കർശനമായും പ്രദർശിപ്പിക്കേണ്ടതാണ്.ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും ഇക്കാര്യം ഉറപ്പു വരുത്തുന്നില്ല

Iii) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016 ലെ നിബന്ധനകൾ പാലിക്കേണ്ടതാണ്. വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.( സർക്കുലർ നം. 576ഡി. സി.1/16 തി 24.09.2016)

Iv) ഉറവിട മാലിന്യ സംസ്കരണം

ജൈവ അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാൻ പാടുള്ളൂ.(സ ഉ (സാധാ) നം 2511/2017 തസ്വഭവ തി 22.07.2017.

മേൽപ്പറഞ്ഞവയൊന്നും പരിഗണിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 8/2019-20 തീയതി 05.03.2021 നു ലഭിച്ച മറുപടിയിൽ ഇനി മുതൽ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിക്കാൻ ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും കുടിശ്ശികയില്ലെന്ന് ഉറപ്പുവരുത്തി മാത്രമേ ലൈസൻസ് അനുവദിക്കു എന്നും, പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.ള

1-13 ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക പുതുക്കി നിശ്ചയിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരേയൊരു ഷോപ്പിംഗ് കോംപ്ലക്സിൽ ആകെയുള്ള 11 കട മുറികളിൽ താഴെ നിലയിലുള്ള 7മുറികളാണ് വാടകയ്ക്ക് നല്കിയിരിക്കുന്നത്. മുകൾ നിലയിലെ നാല് മുറികൾ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരികയാണ്. വാടക രജിസ്റ്റർ പരിശോധിച്ചതിൽ 7മുറികളും കുറഞ്ഞ വാടകയ്ക്കാണ് നല്കിയിരിക്കുന്നത്. വർഷങ്ങൾക്കു മുമ്പേ നിശ്ചയിച്ച വാടക കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല. പാറക്കടവ് അങ്ങാടിയോടു ചേർന്ന് റോഡരികിലുള്ള കെട്ടിടത്തിലെ 129 ച. അടി വിസ്തീർണ്ണമുള്ള നാല് മുറികൾക്ക് 761 രൂപ വീതവും 138 ച. അടി വിസ്തീർണ്ണമുള്ള 3 മുറികൾക്ക് വ്യത്യസ്ത നിരക്കിലുമാണ് (1056 രൂപ, 956രൂപ, 436

രൂപ) വാടക ഈടാക്കുന്നത്. കൂടാതെ വാർഷിക വർദ്ധനവും അഞ്ച് ശതമാനം മാത്രമാണ്. കട മുറികളുടെ വാണിജ്യ മൂല്യം കണക്കിലെടുത്ത് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാടക നിശ്ചയിക്കാത്തതിന്റെ കാരണം അറിയിക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 7 /2019-20 തീയതി 04.03.2021 നു മറുപടി ലഭിച്ചിട്ടില്ല.

## 1-14 പ്രത്യേകം സ്റ്റോക്ക് അക്കൌണ്ടുകൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് ഓഫീസിലെ സ്റ്റേഷനറി, പുസ്തകങ്ങൾ, ഫോറങ്ങൾ, എന്നിവയുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്ന AC/18 സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഒരു സ്റ്റോക്ക് രജിസ്റ്ററിലാണ് മൊട്ടു സൂചി മുതൽ ഫയർ എക്സ്റ്റിംഗ്വിഷർ വരെയുള്ള നൂറോളം സാധന സാമഗ്രികളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതെന്നു കണ്ടു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ (Expendible Stores) ഓഫീസ് ഫർണിച്ചർ , പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്.

അതോടൊപ്പം ധനകാര്യ വകുപ്പിന്റെ 24.09.2010 ലെ 86/2010 ഫിൻ നമ്പർ സർക്കുലർ പ്രകാരം കമ്പ്യൂട്ടറുകൾക്കും സോഫ്റ്റ്‌വെയറുകൾക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്. (മാതൃക സർക്കുലറിനു അനുബന്ധമായുണ്ട്) കമ്പ്യൂട്ടറുകൾ അനുബന്ധ ഹാർഡ്‌വെയറുകൾ എന്നിവയുടെ വിശദാംശങ്ങളും, കമ്പ്യൂട്ടറിന്റെ Configuration, Make Version , Vendor, Guarantee / Warranty വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ എഴുതേണ്ടതാണ്. ഓരോ ആറു മാസത്തിലോ, പുതിയ കമ്പ്യൂട്ടറോ സോഫ്റ്റ്‌വെയറോ സ്ഥാപിക്കുമ്പോഴോ, മാറ്റം വരുത്തുമ്പോഴോ ഓഫീസ് മേധാവി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. സോഫ്റ്റ്‌വെയറുകളുടെ ഒറിജിനൽ സിഡി/ഡിവിഡി എന്നിവ ലൈസൻസ് സർട്ടിഫിക്കറ്റ് സഹിതം ഓഫീസ് മേധാവി Safe Custody - യിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ അനുബന്ധ സാധനങ്ങളുടെ സ്റ്റോക്ക് അക്കൗണ്ട് രജിസ്റ്റർ ഇപ്രകാരമല്ല സൂക്ഷിച്ചിരിക്കുന്നത്.

മോഷണം, കൃത്രിമം, അവഗണന ( Negligence) അപകടം എന്നിവ കാരണം ഉണ്ടായേക്കാവുന്ന സ്റ്റോറിന്റെ നഷ്ടം തടയുന്നതിനു കൃത്യമായ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 152 പ്രകാരം ഇൻഡന്റ് ലഭിക്കുന്ന മുറയ്ക്കു തന്നെ സാധനങ്ങൾ നൽകേണ്ടതും ഇഷ്യൂ രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15 നു മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പും നടത്തുന്നില്ല. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുമില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനു (നമ്പർ 9/2019-20 തീയതി 05.03.2021) ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-15 വീട് വാസയോഗ്യമാക്കൽ (എസ്.സി.) - പദ്ധതി നടത്തിപ്പിലെ അപാകതകൾ :-

പ്രൊജക്റ്റ് നം. -S07/2019-20

അടങ്കൽ - 4,50,000

ചെലവ് - 4,45,482

ബിൽ നം. 5/16.12.19 – രൂ.150000

ബിൽ നം. 6/19.02.20 – രൂ.200000

ബിൽ നം. 7/ 19.02.20 – രൂ.95482

വീടുകൾ വാസയോഗ്യമാക്കുന്നതിനാണ് വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. ആയതിൻെറ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. സ.ഉ.(കൈ)നം.22/2018/തസ്വഭവ/14-02-2018 ഖണ്ഡിക 6.7.6 ലെ നിബന്ധന പ്രകാരം ഗുണഭോക്താക്കളുടെ നിലവിലുള്ള വീടുകൾ വാസയോഗ്യമല്ല എന്നതിൻെറ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2. പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി 1,50,000 രൂപ ആണ്. എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ ഇപ്രകാരമുള്ള പരിശോധന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലല്ലാതെ മുഴുവൻ പട്ടികജാതി ഗുണഭോക്താക്കൾക്കും 1,50,000 രൂപ നൽകുകയാണ് ചെയ്തിരിക്കുന്നത്.

3. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മോണിട്ടറിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല.

5. നിയമാനുസൃതമായ കരാർ ചമച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നല്കിയ അന്വേഷണക്കുറിപ്പ് നം.2/03.03.2021- ന് മറുപടി സമർപ്പിച്ചിട്ടില്ല. മതിയായ വിശദീകരണത്തോടൊപ്പം ആവശ്യമായ രേഖകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. 445482/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

********

ആശ്രയ ഭവന പുനരുദ്ധാരണം (ജനറൽ) - ആദ്യഗഡു കൈപ്പറ്റി - നിർമാണം ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം. 133/19-20 – ആശ്രയ ഭവന പുനരുദ്ധാരണം (ജനറൽ)

അടങ്കൽ :- വികസനഫണ്ട് : രൂ.80000/-

ബ്ലോക്ക് വിഹിതം :- രൂ.20000/-

ആകെ :- രൂ.100000/-

ചെലവ് :- രൂ.20000/- (ബിൽ നം. 08/19.02/2020)

പ്രസ്തുത പദ്ധതിയ്ക്കായി വാർഡ് 10 ലെ ശ്രീമതി. കല്യാണി, കിഴക്കേ പറമ്പത്ത് ഹൗസ്, കല്ലുമ്മൽ എന്ന ഗുണഭോക്താവ് ആദ്യഗഡുവായി രൂ.20000/- ടി ബിൽ പ്രകാരം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെ നിർമാണപ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം.2/03.03.2021- ന് മറുപടി സമർപ്പിച്ചിട്ടില്ല.

പ്രസ്തുത ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതും ടി വിഷയത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കേണ്ടതുമാണ്. 20000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-16 സംയുക്തപരിശോധനയില്ലാതെ പൊതുടാപ്പുകളുടെ വെള്ളക്കരമടവാക്കുന്നത് സംബന്ധിച്ച്.

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 77 ടാപ്പുകൾകൾക്കായി ടാപ്പൊന്നിന് പ്രതിവർഷം 5250 പ്രകാരം പ്രതിമാസം 33688 രൂപവീതം പഞ്ചായത്ത് അടവാക്കിവരുന്നു. സ്ട്രീറ്റ്ടാപ്പുകളുടെ വിവരങ്ങളടങ്ങുന്ന ഒരുരജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നുണ്ടെങ്കിലുംആയതിൽ 68 ടാപ്പുകളുടെ വിവരങ്ങൾ മാത്രമെ ഉൾപ്പെട്ടിട്ടുള്ളൂ. ആയതിൽതന്നെ പ്രവർത്തനക്ഷമമായ ടാപ്പുകൾ എത്രഎണ്ണംഎന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ വാട്ടർ അതോറിറ്റിയുമായിചേർന്ന് സംയുക്തപരിശോധനനടത്തി പ്രവർത്തനക്ഷമമായടാപ്പുകളുടെഎണ്ണംകണ്ടെത്തി ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരമടവാക്കുന്നതിനാവശ്യമായനടപടികൾ കൈകോള്ളണമെന്ന് പരാമർശിച്ചിരുന്നെങ്കിലും ഈ വിഷയത്തിൽ പഞ്ചായത്തിൽനിന്നും വ്യക്തമായ തുടർനടപടികളില്ലാത്തതിനാൽ തനത് ഫണ്ടിൽ നിന്നും വൻതുക പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കയാണ്. 12.6.17 ന് സംയുക്തപരിശോധനക്കായി പഞ്ചായത്ത് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 14.2.18 ന് കേരളവാട്ടർ അതോറിറ്റി അസി.എഞ്ചിനീയർ പഞ്ചായത്ത് സെക്രട്ടറിക്കയച്ചകത്തിൽ സംയുക്തപരിശോധ നനടത്തുന്നതിന് ഉചിതമായതിയ്യതി ലഭ്യമാക്കുന്നതിന് പഞ്ചായത്തിനോടാവശ്യപെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ലെന്നും ആയത് ഉടൻ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ 14.2.18 ന് സംയുക്തപരിശോധനനടത്താവുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെങ്കിലും ആയതിൽ പിന്നീട് തുടർ നടപടികളൊന്നും ഉണ്ടായതായി കാണുന്നില്ല.വാട്ടർ അതോറിറ്റിയിൽ നിന്നും തുടർനടപടികളില്ലാത്തതിനാലാണ് സംയുക്തപരിശോധ നടക്കാതെ പോയതെങ്കിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും പിന്നിട് നടപടികളില്ലാതെ പോയത് പഞ്ചായത്ത് ഈ വിഷയത്തിൽ ആവശ്യമായ ഗൗരവം നൽകുന്നില്ലെന്നതിന് തെളിവാണ്. ആയതിന് രണ്ട് വർഷത്തിന് ശേഷം 2/20 വീണ്ടും സംയുക്തപരിശോധന ആവശ്യപ്പെട്ടുകോണ്ട് വാട്ടർഅതോറിറ്റിക്ക് കത്ത് നൽകിയിരിക്കയാണെങ്കിലും ആയതിനുംതുടർനടപടികളൊന്നും ഉണ്ടായതായി കാണുന്നില്ല. . ആയത് സംബന്ധിച്ച് അന്വേഷണങ്ങൾക്ക് പഞ്ചായത്ത് നൽകിയ മറുപടിയിൽ 22.1.2021ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ ചേമ്പറിൽ വെച്ച് കുടിവെള്ളവിതരണവുമായി ബന്ധപ്പെട്ട് നടന്നയോഗത്തിൽസംയുക്തപരിശോധന നടപടികൾ ഉടൻ ആരംഭിക്കുന്നതാണെന്ന് അസി.എഞ്ചീനീയർ അറിയിച്ചതായി അറിയിച്ചിട്ടുണ്ട്. സംയുക്തപരിശോധനടപടികൾ ത്വരിതപ്പെടുത്തി സംയുക്തപരിശോധനടത്തി ആയതിന്റ അടിസ്ഥാനത്തിൽ വെള്ളക്കരം അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കൃത്യതയില്ലാതെ തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് അടവാക്കുന്നു

തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ 20 കൺസ്യൂമർ നമ്പറുകളിലായി സാമ്പത്തികവർഷം ആകെ 403798 രൂപ പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നിവ സംബന്ധിച്ച ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 22.5.19 ന്ചേർന്ന ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ പഞ്ചായത്ത് അടവാക്കുന്ന തെരുവ് വിളക്കുകളുടെ ചാർജിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനായി വൈദ്യുതബോർഡുമായിചേർന്ന് സംയുക്തപരിശോധന നടത്തുന്നതിന് ഭരണസമിതിയോട് ശുപാർശചെയ്യാൻതീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ തീരുമാനമെടുത്ത് മാസങ്ങൾ കഴിഞ്ഞിട്ടും തെരുവ് വിളക്ക് ചാർജുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി സംയുക്തപരിശോധന നടപടികളൊന്നും കൈകൊണ്ടതായി കാണുന്നില്ല. 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.9 ആയി സംയുക്തപരിശോധന നടപടികൾ കൈകൊണ്ട് അടവാക്കുന്ന തെരുവ് വിളക്ക

വൈദ്യുതി ചാർജിന്റെ കൃത്യത ഉറപ്പുവരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും കൈക്കൊണ്ടതായി കാണുന്നില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവശ്യപ്പെട്ടിട്ടും, ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി സംയുക്ത പരിശോധനക്ക് ഭരണസമിതിയോട് ശുപാർശ ചെയ്തെങ്കിലും ഇക്കാര്യത്തിൽ തുടർനടപടികളില്ലാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കോവിഡ് 19ന്റെ പാശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ കണ്ടയിൻമെന്റ് സോണുകളായിമാറിയതിനാലും ലോക്ഡൗൺ കാലയളവിൽ ഗതാഗത നിയന്ത്രണങ്ങളുള്ളതിനാലുമാണ് സംയുക്തപരിശോധന നടത്തുന്നതിന് തുടർനടപടികളില്ലാതെ പോയതെന്ന് അറിയിച്ചിട്ടുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് യഥാവിധം നടപടികൾ കൈകൊള്ളുന്നതിലുള്ള വീഴ്ചയാണ് അപാകത തുടരുന്നതിന്റെ കാരണമെന്ന് കാണുന്നു. സംയുക്തപരിശോധനക്കായി അടിയന്തിര നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 കുടിവെള്ളവിതരണം -സർക്കാർ നിശ്ചയിച്ചപരിധിയിൽ കൂടിയതുക ചെലവുവന്നതും മറ്റ് അപാകതകളും

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ.ഉ.(സാധാ)നം 500/2019/ത.സ്വ.ഭ.വ.തി.2.3.19 ഉത്തരവുപ്രകാരം സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ. സ്വീകരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും, കോർപ്പറേഷനുകൾക്കും പ്രസ്തുത ഉത്തരവിനോടൊപ്പം ഉള്ളടക്കംചെയ്ത പട്ടികയിൽ നിഷ്കർഷിച്ച പരമാവധി തുകയിൽ അധികരിക്കത്തക്ക രീതിയിലുള്ള കുടിവെള്ള പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും പാടില്ല എന്ന വ്യവസ്ഥയോടുകൂടി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യത്തിന് അനുസൃതമായി കുടിവെള്ള വിതരണം നടത്തുന്നതിനായി തനത്/പ്ലാൻ ഫണ്ടിൽനിന്നും തുക ചെലവഴിക്കാൻ യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ഗ്രാമപഞ്ചായത്തുകൾക്കു ചെലവഴിക്കാവുന്ന പരമാവധി തുക 11 ലക്ഷമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തു പരിധിയിൽ 18.4.19 മുതൽ 31.5.19 വരെ കുടിവെള്ളം വിതരണം ചെയ്തതിന് ടെണ്ടർ നടപടികളിലൂടെ 4000 ലിറ്റർ കപാസിറ്റിയുള്ള ടാങ്ക് ഘടിപ്പിച്ച വാഹനങ്ങൾക്ക് കിലോമീറ്ററിന് 320 രൂപ പ്രകാരം ആയത് ഏറ്റെടുത്ത റിങ്കി.പി.എന്നആൾക്ക് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. (ജി.പി.എസ്.ഘടിപ്പിച്ച 3വാഹനങ്ങൾ)

| വൗച്ചർ നമ്പർ തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21900093 തി9.5.19 | 150000 | അഡ്വാൻസ് |
| 21900118 തി 27.5.19 | 323977 | 18-4-19 മുതൽ 30.4.19വരെ കുടിവെള്ള വിതരണം നടത്തിയതിന് |
| 21900157 തി.13.6.19 | 476044 | 1.5.19 മുതൽ 15.5.19വരെയുള്ള കുടിവെള്ള വിതരണംചെയ്തതിന്. |
| 21900237 തി19.7.19 | 136921 | 16.5.19 മുതൽ 31.5.19വരെ കുടിവെള്ള വിതരണംചെയ്തതിന് |
| I.T. അടവാക്കിയത് | 13058 | |

16.5.19 മുതൽ 31.5.19വരെ കുടിവെള്ളവിതരണം നടത്തിയതിന് മൊത്തം I.T കുറവ്ചെയ്ത് 492601 രൂപ കരാറുകാരനായ റിങ്കി .പി. എന്നആൾക്ക് നൽകാനുണ്ടെങ്കിലും അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തത് ഉൾപ്പെടെ 286921 രൂപമാത്രമെ സർക്കാർ അനുവദിക്കാവുന്ന തുകയിൽ പരമിതപ്പെടുത്തി കരാറുകാരന് നൽകാൻ കഴിഞ്ഞിട്ടുള്ളൂ. സർക്കാർ നിശ്ചയിച്ച പരിധിയിൽ പരിമിതപ്പെടുത്തി കുടിവെള്ളവിതരണം നടത്താത്തതിനാൽ 205680 രൂപ കരാറുകാരന് ഇപ്പോഴും ബാധ്യതയായി നിൽക്കുന്നു. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടമറ്റ് അപാകതകൾ താഴെക്കൊടുക്കുന്നു.

1. കുടിവെള്ള വിതരണം നടത്തുന്നതിനാവശ്യമായ വെള്ളം എവിടെനിന്നാണ് ശേഖരിച്ച് വിതരണം ചെയ്യേണ്ടതെന്ന് പഞ്ചായത്ത് നിർണയിച്ച നൽകുന്നതാണെന്ന് കരാർ നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അത്തരത്തിൽ വെള്ളം ശേഖരിക്കാനുള്ള സ്ഥലം പഞ്ചായത്ത് നിർണയിച്ച നൽകി കാണുന്നില്ല. ഈ അപാകതയ്ക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതി നിർദ്ദേശപ്രകാരം തിരഞ്ഞെടുത്ത കിണറുകളിൽ നിന്നാണ് കുടിവെള്ളവിതരണം നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം കിണറുകളിൽ നിന്നെന്ന് നിലവിലും വ്യക്തമല്ല.
2. വിതരണംചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധി കേരള വാട്ടർ അതോറിറ്റി, സർക്കാർലാബ്, ഭക്ഷ്യസുരക്ഷാവകുപ്പ് എന്നിവിടങ്ങളിലെവിടെയെങ്കിലും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും വടകരയിലുള്ള ഒരു സ്വകാര്യലാബിൽ നിന്നുള്ള വാട്ടർടെസ്റ്റിംഗ് സാക്ഷ്യപത്രമാണ് ഫയലിൽ ഉള്ളടക്കംചെയ്തിരിക്കുന്നത്. ടെസ്റ്റ് സർട്ടിഫിക്കറ്റ് പ്രകാരം സാമ്പിളിൽ കോളിഫോം ബാക്ടീരിയയുടെ സാനിധ്യം ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ വെള്ളം കുടിവെള്ളമായി ഉപയോഗിക്കാമോ എന്നത് പഞ്ചായത്ത് പരിശോധിച്ചതായി കാണുന്നില്ല. പരിശോധനാ റിപ്പോർട്ടിൽ തുറന്ന കിണറിൽ നിന്നുള്ളവെള്ളം എന്ന് പരാമർശിച്ചതല്ലാതെ കിണർ സ്ഥിതിചെയ്യുന്ന സ്ഥലവും രേഖപ്പെടുത്തിയിട്ടില്ല.ആയതിന് ലഭ്യമാക്കിയ മറുപടിയിൽ അടിയന്തിരമായി കുടിവെള്ളവിതരണം ചെയ്യേണ്ടതു കൊണ്ടാണ് വടകരയിലുള്ള ലാബിൽ നിന്നും കുടിവെള്ള പരിശോധന നടത്തിയതെന്ന് അറിയിച്ചു. മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
3. കുടിവെള്ളത്തിന്റെ ടെസ്റ്റ് റിപ്പോർട്ട് പ്രകാരം ആയത് പരിശോധനക്കായി എടുത്തിരിക്കുന്നത് 2.5.19നും ടെസ്റ്റ് റിസൽട്ട് ലഭ്യമാക്കിയിരിക്കുന്നത് 9.5.19നുമാണ്. എന്നാൽ 18.4.19 മുതൽ കുടിവെള്ളവിതരണം നടത്തിയിട്ടുണ്ട്. ഇത് കരാറുകാരനുമായി ഏർപ്പെട്ട കരാറുടമ്പടിക്കും സർക്കാർ നിർദ്ദേശത്തിനും വിരുദ്ധമാണ്. പരിശോധനാഫലമില്ലാതെ കുടിവെള്ളവിതരണം നടത്തിയിട്ടും പഞ്ചായത്ത് യാതൊരുനടപടിയും കൈക്കൊണ്ടതായി കാണുന്നില്ല.
4. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ 5.4.19ന് കുടിവെള്ളവിതരണവുമായി ബന്ധപ്പെട്ട് എല്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും അയച്ച നിർദ്ദേശപ്രകാരം കുടിവെള്ളവിതരണം ജി.പി.എസ്.ഘടിപ്പിച്ച വാഹനങ്ങളിൽ മാത്രം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് കുടിവെള്ളവിതരണംനടത്തിയ മൂന്ന് വാഹനങ്ങളിലും 29.4.19ന് ശേഷംമാത്രമെ ജി.പി.എസ്.ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈകൊണ്ടിട്ടുള്ളൂ. അതുവരെ ജി.പി.എസ്. ഘടിപ്പിക്കാതെയാണ് വാഹനങ്ങൾ കുടിവെള്ളവിതരണം നടത്തിയിരിക്കുന്നത്.ബന്ധപ്പെട്ട നിർദ്ദേശം വൈകി ലഭിച്ചതുകൊണ്ടാണ് വാഹനങ്ങളിൽ ജി.പി.എസ്.ഘടിപ്പിക്കാൻ വൈകിയത് എന്ന് അറിയിച്ചിട്ടുണ്ട്.
5. വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് പരിശോധനക്കായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിക്ക് പുറത്തുള്ള പ്രദേശങ്ങളായ കുമ്മങ്കോട്,കല്ലാച്ചി എന്നിവിടങ്ങളിൽനിന്നും വെള്ളം ശേഖരിക്കാൻ പോയ ദൂരം വാഹനങ്ങളുടെ കിലോമീറ്റർ

റീഡിങ്ങിൽ നിന്നും കുറവ് ചെയ്ത് കാണുന്നു. ഇതിൽനിന്നും കുടിവെള്ള ശേഖരണം നടത്തിയിരിക്കുന്നത് പ്രത്യേക സ്ഥലങ്ങളിൽ നിന്നല്ല എന്ന് വ്യക്തമാവുന്നു. ഇങ്ങനെ ശേഖരിച്ച വെള്ളം കുടിക്കാൻ ഉപയോഗപ്രദമാണോഎന്ന് പഞ്ചായത്ത് ഉറപ്പുവരുത്തികാണുന്നില്ല.

6. കരാറുകാരനുമായി ഏർപ്പെട്ട ഉടമ്പടി പ്രകാരം കുടിവെള്ളം വിതരണംചെയ്തതായുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രപ്രകാരംമാത്രമെ തുക വിതരണംചെയ്യുകയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും മെയ് 6മുതൽ 16 വരെ തങ്ങളുടെ വാർഡിൽ കുടിവെള്ളം വിതരണംചെയ്തതായി വാർഡ് 1, 11,6,9, 4,8, വാർഡുകളിലെ മെമ്പർമാർമാത്രമെ സാക്ഷ്യപത്രം നൽകികാണുന്നുള്ളൂ.ആയതിന് ലഭ്യമാക്കിയ മറുപടിയിൽ കൂടുതലായി കുടിവെള്ളവിതരണം നടത്തിയ വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്രമാണ് ഉൾപ്പെടുത്തിയത് എന്ന് അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം ചെയ്ത മുഴുവൻ വാർഡിലെയും മെമ്പർമാരിൽ നിന്നുള്ള സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

7) ജലവിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവു ചെയ്തതല്ലാതെ 11ലക്ഷം രൂപ ചെലവഴിച്ചിട്ടും ആയത് പ്രൊജക്ടായി ഉൾപ്പെടുത്തി അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടില്ല.

മുഴുവൻ അപാകതകൾക്കും വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും, മേലിൽ ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ സർക്കാരിൽ നിന്നും മറ്റും ലഭ്യമാകുന്ന മാർഗനിർദ്ദേശങ്ങൾ വ്യക്തമായി പാലിക്കുകയും ചെയ്യേണ്ടതാണ്.

## 1-19 പഞ്ചായത്ത് ജീവനക്കാരുടെ യാത്രാബത്ത അനുവദിക്കുന്നതിൽ അപാകത

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ജീവനക്കാരുടെയും 3/18മുതൽ 12/19 വരെയുള്ള ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ യഥാക്രമം വൗച്ചർ നമ്പർ 21900989 തി 31.3.20 പ്രകാരം 32198 രൂപ, വൗച്ചർ നമ്പർ 21900989 തി 31.3.20 പ്രകാരം171337രൂപയും അനുവദിച്ചിട്ടുണ്ട്. യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ സെക്രട്ടറിമാരും ജീവനക്കാരും യാത്രക്ലയിം സമർപ്പിക്കാതെയാണ് സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനപ്രകാരം യാത്രാബത്ത അനുവദിച്ചിരിക്കുന്നത്.കേരള ഫിനാൻഷ്യൽകോഡ് , ആർട്ടിക്കിൾ 53 (ബി)(6) പ്രകാരം യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്തമാസം ഒന്നാം തിയ്യതി മുതൽ ഒരു വർഷത്തിനകം യാത്രാക്ലയിം സമർപ്പിച്ചിരിക്കണം അർഹമായ തിയ്യതിമുതൽ രണ്ട് വർഷത്തിനകം തുക മാറിയിരിക്കണം (കെ.എസ്.ആർ . വാല്യം1, പാർട്ട്2, ചട്ടം 5എ)യാത്രാക്ലയിം ഇല്ലാതെ യാത്രാബത്തഅനുവദിച്ചത് ക്രമപ്രകാരമല്ല. യാത്രാ ക്ലയിം സമർപ്പിക്കാത്തതിനാൽ തന്നെ സെക്രട്ടറി, ജീവനക്കാർ എന്നിവർ കോഴിക്കോട്, തൃശ്ശൂർ മുതലായ സ്ഥലങ്ങളിലേക്കുള്ള യാത്രകൾക്ക് ഉപയോഗിച്ച യാത്രാമാധ്യമം ഏതെന്ന് വ്യക്തമല്ല. എന്നാൽ എല്ലാ ജീവനക്കാർക്കും ട്രയിൻ യാത്രാനിരക്കാണ് അനുവദിച്ചിരിക്കുന്നത്. യാത്രാമാധ്യമം വെളിപ്പെടുത്താതെ യാത്രകൾക്കെല്ലാം ട്രയിൻയാത്രാനിരക്ക് അനുവദിക്കുന്നത് സ്ഥാപനത്തിന് അധികചെലവ് ഉണ്ടാകാൻ കാരണമാവുന്നു. പഞ്ചായത്ത് ഹാജർ പുസ്തകം പരിശോധിച്ചതിൽ ജീവനക്കാർ കോഴിക്കോട് യാത്രനടത്തിയ ദിവസങ്ങളിൽ രാവിലെയും ഉച്ചക്കും ഹാജർ പുസ്തകത്തിൽ ഒപ്പു രേഖപ്പെടുത്തി കാണുന്നു. ഉദാഹരണത്തിന് പഞ്ചായത്ത്സെക്രട്ടറി രജുലാൽ എം.പി. 22.5.18, 30.5.18, 7.6.18, 13.6.18, 5.7.18, 13.7.18, 21.8.18, 25.8.18, തിയ്യതികളിൽ വിവിധ ആവശ്യങ്ങൾക്കായി കോഴിക്കോട് യാത്രകാണിച്ച് ട്രയിൻ യാത്രാനിരക്കിനത്തിൽ ഓരോ യാത്രക്കും 1622 രൂപവീതം കൈപറ്റിയുണ്ട്. ഈദിവസങ്ങളിലെല്ലാം തന്നെ ടിയാന് രണ്ട് നേരവും ഹാജർപുസ്തകത്തിൽ ഒപ്പുരേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂവ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഈ ദിവസങ്ങളിലൊന്നും തന്നെ ശ്രീ രജുലാൽ സെക്രട്ടറി ഓഫീസിന് പുറത്തുപോയതായി മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയും കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ജീവനക്കാരുടെ മൂവ്മെന്റ് രജിസ്റ്ററിലെ

രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് യാത്രാബത്ത അനുവദിച്ചിട്ടുള്ളതെന്നും മേലിൽ യാത്രാക്ലയിം ലഭ്യമാവുന്ന മുറക്കേ യാത്രാബത്ത അനുവദിക്കുകയുള്ളുഎന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മൂവ്മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലില്ലാതെയും യാത്രബത്ത അനുവദിച്ചതായി കാണുന്നുണ്ട്. ശ്രീ രജ്ജലാൽ സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ യാത്രാവിവരം സെക്രട്ടറി ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാർക്കും സെക്രട്ടറിമാർക്കും യാത്രാബത്ത അനുവദിക്കുന്നതിന് മുമ്പ് നിശ്ചിത സമയപരിധിക്കുള്ളിൽ യാത്രാക്ലയിം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

<u>1-20 ഹിൽട്രാക്ക് അലവൻസ് കുടിശ്ശിക അനുവദിക്കുന്നതിന് മുമ്പ് ആയത് സംബന്ധിച്ച് വ്യക്തത വരുത്തിയില്ല.</u>

ചെക്യാട് ഗ്രാമപഞ്ചായത്തിൽ 7/14 മുതൽ വിവിധ കാലഘട്ടങ്ങളിൽ സേവനത്തിലിരുന്ന ജീവനക്കാരുടെ ഹിൽട്രാക്ക് അലവൻസ് കുടിശ്ശിക ഇനത്തിൽ സാമ്പത്തിക വർഷത്തിൽ വിവിധ വൗച്ചർ നമ്പറുകളിലായി വിവിധ മാസങ്ങളിൽ മൊത്തം 172528 രൂപ സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| വൗച്ചർ നമ്പർ/തിയ്യതി | തുക |
|---|---|
| 21900348 തി 5.9.19 | 4416 |
| 21900349 തി5.9.19 | 101587 |
| 21900350 തി5.9.19 | 12200 |
| 21900462 തി 11.10.19 | 45010 |
| 21900604 തി 2.12.19 | 7233 |
| 21900605 തി2.12.19 | 2082 |

അഡീഷനൽ ചീഫ് സെക്രട്ടറി (ഫൈനാൻസ്) ഗവ.സെക്രട്ടറിയേറ്റ് 17.6.14 ന് പ്രിൻസിപ്പൽ എകൗണ്ടന്റ് ജനറലൽ ഓഡിറ്റിന് കേരളത്തിൽ ഹിൽട്രാക്ക് അലവൻസ് അനുവദിക്കാവുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് അയച്ചുനൽകിയിട്ടുണ്ട്. ആയതിൽ കോഴിക്കോട് ജില്ലയിലെ വടകരതാലൂക്കിൽ ചെക്യാട് ഉൾപെട്ടിട്ടുണ്ട് . പഞ്ചായത്തിലെ ജീവനക്കാർ 2019 ജൂൺമാസത്തെ ശമ്പളം മുതൽ ശമ്പളത്തോടൊപ്പം ഹിൽട്രാക്ക് അലവൻസ് കൈപ്പറ്റിവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ വിവിധ കാലഘട്ടങ്ങളിൽ ജോലിചെയ്തു ജീവനക്കാർ 7/14 മുതലുള്ള ഹിൽട്രാക്ക് അലവൻസ് കുടിശ്ശികക്ക് അപേക്ഷിക്കുകയും ജീവനക്കാർക്ക് മേൽ വൗച്ചർ പ്രകാരം കുടിശ്ശിക തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക തുക അനുവദിക്കുന്നതിന് മുമ്പ് അതുവരെ ക്ലയിംചെയ്യാതിരുന്ന ഇത്തരം അലവൻസുകളുടെ കുടിശ്ശിക അനുവദിക്കാവുന്നതാണോ എന്ന കാര്യത്തിൽ സർക്കാരിൽ നിന്നും വ്യക്തത വരുത്തുകയോ, ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് മുമ്പാകെ വെച്ച് ഈ ചെലവിന് അംഗീകാരം വാങ്ങുകയോ ചെയ്തതായി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടിയിൽ മറ്റ്

ഓഫീസുകളിലെ ജീവനക്കാർ ഹിൽടാക്ക് അലവൻസ് കുടിശ്ശിക കൈപ്പറ്റിയിട്ടുണ്ടെന്ന് അന്വേഷിച്ച് ഉറപ്പിച്ച ശേഷമാണ് ആയത് വിതരണം ചെയ്തത് എന്ന് അറിയിച്ചിട്ടുണ്ട്.

**1-21 ശുചിത്വ ബോർഡുകൾ സ്ഥാപിക്കൽ-ബോർഡുകൾ സ്ഥാപിച്ചതിന് രേഖകളില്ല**

പ്രൊജക്ട് നമ്പർ- 161/20

വകയിരുത്തിയ തുക- 250000

ചെലവുതുക- 247300 (ബിൽ നമ്പർ 6/19 തി24.7.19)

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുചിത്വ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള മേൽ പ്രൊജക്ട് പ്രകാരം ടെണ്ടർ നടപടികളിലൂടെ 9892 രൂപ വിലയുള്ള 25 ശുചിത്വ ബോധവൽക്കരണ ബോർഡുകൾക്കായി ഫിഡികോ എന്റർപ്രൈസസ് ഒളവണ്ണ എന്ന സ്ഥാപനത്തിന് 247300 രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് കൈമാറിയിട്ടുണ്ട്. തുക കൈമാറിയതല്ലാതെ ശുചിത്വബോർഡുകൾ പഞ്ചായത്തിൽ ലഭ്യമായതായോ, ലഭ്യമായിട്ടുണ്ടെങ്കിൽ തന്നെ ആയത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക 247300 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-22 ആശ്രയ ഭവന പുനരുദ്ധാരണം (ജനറൽ) - ആദ്യഗഡു കൈപ്പറ്റി - നിർമാണം ആരംഭിച്ചിട്ടില്ല**

പ്രോജക്ട് നം. 133/19-20 – ആശ്രയ ഭവന പുനരുദ്ധാരണം (ജനറൽ)

അടങ്കൽ :- വികസനഫണ്ട് : രൂ.80000/-

ബ്ലോക്ക് വിഹിതം :- രൂ.20000/-

ആകെ :- രൂ.100000/-

ചെലവ് :- രൂ.20000/- (ബിൽ നം. 08/19.02/2020)

പ്രസ്തുത പദ്ധതിയ്ക്കായി വാർഡ് 10 ലെ ശ്രീമതി. കല്യാണി, കിഴക്കേ പറമ്പത്ത് ഹൗസ്, കല്ലുമ്മൽ എന്ന ഗുണഭോക്താവ് ആദ്യഗഡുവായി രൂ.20000/- ടി ബിൽ പ്രകാരം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെ നിർമാണപ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം.2/03.03.2021- ന് മറുപടി സമർപ്പിച്ചിട്ടില്ല.

പ്രസ്തുത ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതും ടി വിഷയത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കേണ്ടതുമാണ്. 20000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-23 ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

പ്രോജക്ട് നം. 200/19-20 – ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (പട്ടിക വർഗ്ഗം) - സ്പിൽഓവർ

പ്രസ്തുത പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താവായ ശ്രീമതി. ബീന ബാബു, എളമ്പയിൽ, അഭയഗിരി, കല്ലുനിര പി.ഒ (വാർഡ് 4) താഴെപ്പറയുന്ന വിധത്തിൽ ഭവനനിർമാണത്തിനായി തുക കൈപ്പറ്റിയിട്ടുണ്ട് :

1. ബിൽ നം. 6/26.07.18 – രൂ. 90000/-

2. ബിൽ നം. 9/29.10.18 – രൂ. 120000/-

3. ട്രഷറി ചെക്ക് നം. 1712258/19.12.18 – രൂ.177742/-

4. ട്രഷറി ചെക്ക് നം. 5457567/19.12.18 – രൂ.32258/-

5. ട്രഷറി ചെക്ക് നം. 0691913/21.03.19 – രൂ. 48258/-

6. ബിൽ നം. 02/18.07.19 – രൂ. 67742/-

7. ട്രഷറി ചെക്ക് നം. 2723420/13.08.19 – രൂ. 4000/-

ആകെ - 540000/-

മേൽ വ്യക്തി ഭവന നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിൻെറ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ അന്വേഷണക്കുറിപ്പ് നം.5/04.03.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. അവസാന ഗഡു തുക കൈപ്പറ്റി ഭവനനിർമാണം പൂർത്തിയാക്കിയ രേഖകൾ ഹാജരാക്കേണ്ടതാണ്.

<u>1-24 പെയിൻ & പാലിയേറ്റീവ് കെയർ (പ്രോജക്റ്റ് നം.48/19-20)</u>

<u>പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ</u>

(I) സ്ഥാപനത്തിലെ പണമിടപാടുകളുടെ ആധികാരികത വ്യക്തമാക്കുന്ന ക്യാഷ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(Ii) താഴെപ്പറയുന്ന ഇന്ധന ബില്ലുകളുടെ വിവരം ലോഗ്ബുക്കിൽ ചേർത്തിട്ടില്ല:

| ബിൽ നം. | തീയതി | ഏജൻസി | തുക |
|---|---|---|---|
| 4473 | 14.05.19 | എൈറിസ് എനർജി ,തൃപ്പങ്ങോട്ടൂർ | 2420/- |
| 7914 | 27.05.19 | എൈറിസ് എനർജി ,തൃപ്പങ്ങോട്ടൂർ | 2760/- |
| 1767 | 20.09.19 | എൈറിസ് എനർജി ,തൃപ്പങ്ങോട്ടൂർ | 2590/- |
| 11144 | 25.03.20 | എൈറിസ് എനർജി ,തൃപ്പങ്ങോട്ടൂർ | 2550/- |

(Iii)ചെലവ് പത്രിക പ്രകാരം ടി പദ്ധതി നിർവ്വഹണത്തിനായി ആകെ 5,71,800/- രൂപയാണ് ചെലവ്. എന്നാൽ 3,14,843/- രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമേ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുള്ളൂ.

(Iv)2019 ജൂലൈ മുതൽ 2020 ജൂൺ വരെയുള്ള കാലയളവിൽ ബയോ മെഡിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തിരുവനന്തപുരത്തെ ' ഇമേജ് ' എന്ന സ്ഥാപനത്തിന് 7200/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട് (ബിൽ നം. 03/28.10.19). എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയലോ അനുബന്ധ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(V)പെയിൻ & പാലിയേറ്റീവ് കെയറിലേക്ക് മരുന്നുകൾ വാങ്ങുന്നതിലേക്കായി പദ്ധതിപ്രകാരം രൂ.82,483/- ട്രഷറി ചെക്ക് നം. 2723454/10.02.20 ആയി പഞ്ചായത്ത് സെക്രട്ടറി പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് കൈമാറയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ, ആയത് തിരുവനന്തപുരത്തെ

കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറയിട്ടുണ്ട്. എന്നാൽ മരുന്നുകളുടെ ബില്ലുകളോ സ്റ്റോക്ക് രജിസ്റ്ററോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പ് നം.19/09.03.2021 – ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. ചെലവ് രേഖകളുടെ അഭാവത്തിൽ 256957/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-25 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2019-20 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ വാണിയന്റവിടമുക്ക് ഈച്ചലി പൊന്നംകോട്ട് റോഡ് (പ്രോജക്ട്നം. 23/19-20), സിമന്റ് കോൺക്രീറ്റ് പേവ്മെന്റായാണ് നിർമ്മിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവർത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/06.03.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-26 പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതു ന്യൂനതകൾ

1.പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

2.കാഷ്ബുക്ക് - സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി ക്ലോസുചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.

3.പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

4.പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തേണ്ടതാണ്.

5.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

6.ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.

7.മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷത്തിൽ യോഗം ചേരുകയോ, പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുകയോ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം.11/06.03.2021- ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

<u>1-27 മരാമത്ത് പ്രവർത്തികളിൽ കരാറുകാരന് അനർഹമായി ഓവർഹെഡ്സ് ചാർജ്ജ് അനുവദിച്ചു</u>

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4 ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4 ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

മറുപടി സമർപ്പിക്കേണ്ടതാണ്.

5. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്
6. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്

7. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്

8. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

9. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്

10. നിർമ്മാണ സമയത്തെ ഗതാഗത നിയന്ത്രണ സംവിധാനങ്ങളേർപ്പെടുത്തുന്നതിനുള്ള ചെലവ്.

11. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

12. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

13. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു.

അനർഹമായി ഓവർഹെഡ്സ് ചാർജ്ജ് അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പ് നം.12/06.03.202 – ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-28 ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട പൊതു അപാകതകൾ

പ്രോജക്ട്നം.17/19-20 – എസ്.എസ്.എ വിഹിതം അടയ്ക്കൽ

അടങ്കൽ : രൂ.500000/- (വികസനഫണ്ട്)

ചെലവ് : രൂ.500000/-

ബിൽ നം. 3/13.08.19

(I) മേൽ തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(Ii) വരവ്-ചെലവ് വിവരങ്ങൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

(Iii) എസ്.എസ്.എ, ജില്ലാ പ്രോജക്റ്റ് ഓഫീസർ നൽകിയ 2019-20 വർഷത്തെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 2019-20 വർഷം ഗ്രാമ പഞ്ചായത്തിലെ എൽ.പി, യു.പി സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്കായാണ് തുക വകയിരുത്തിയിരിക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ എൽ.പി, യു.പി സ്കൂളുകളിൽ മേൽ പരാമർശിച്ച മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും അടിസ്ഥാന സൗകര്യങ്ങൾ എത്രത്തോളം പുരോഗമിച്ചുവെന്നതിനെക്കുറിച്ചും യാതൊരു വിധ തുടർ നിരീക്ഷണവും അധികൃതരുടെ ഭാഗത്തു നിന്നുംനാളിതുവരെയും ഉണ്ടായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ അന്വേഷണക്കുറിപ്പ് നം.22/15.03.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | ഓഡിറ്റ് തിയ്യതി | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 150000 | 0 |
| | 2019-20 | 100000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 2019-29 | 200000 | വയോജന സൌഹൃദ കേന്ദ്രം | 200000 | 0 |
| | 2019-20 | 235000 | ലൈഫ് സമ്പൂർണ്ണ സുരക്ഷാപാർപ്പിട പദ്ധതി | 235000 | 0 |
| ജില്ലാപഞ്ചായത്ത് | 2019-20 | 100000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 545000 |
| തൻവർഷം നിക്ഷേപിച്ച തുക | 46325 |
| ആകെ | 591325 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 59132 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ചെക്യാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 09.03.2018 | 1 | 545000 | ഷെയർ സർട്ടിഫിക്കറ്റ് നം-8530 |
| 2 | നിക്ഷപത്തിന്റെ പലിശ | | | 46325 | |
| ആകെ | | | | 591325 | |

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | രേഖപ്പെടുത്തിയിട്ടില്ല | 2001-02 | 16.11.2018 | ഉമ്മത്തൂർ ജലസേചന പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് 2006-08(11) ഖണ്ഡിക 130,131 പ്രകാരം സമയ ബന്ധിതമായി തീർപ്പാക്കു ന്നതിനും ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്ന തിനും ആവശ്യപ്പെട്ടു |
| 2000-01 | രേഖപ്പെടുത്തിയിട്ടില്ല | 2004-05 | 11.1.3.48.117 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു. |
| 2001-02 | രേഖപ്പെടുത്തിയിട്ടില്ല | 2003-04 | മറ്റ് പരാമർശം | വനിത കമ്പ്യൂട്ടർ പരിശീലനം | പരാമർശം തുടരുന്നു. |
| 2001-02 | രേഖപ്പെടുത്തിയിട്ടില്ല | 2003-04 | 11.14.117 | മരാമത്ത് പ്രവൃത്തിക്ക് മുൻകൂർ നൽകി | പരാമർശം തുടരുന്നു. |
| 2000-01 | 1-5 | 2004-05 | 11.1.2.9.116 | ബജറ്റ് അംഗീകരിച്ചത് രേഖപ്പെടുത്തിയില്ല | പരാമർശം തുടരുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4.187 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |

4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47358490 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48229312 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1509739 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല

ഓഡിറ്റിൽ തടസ്സഉപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15-എ | 4,45,482 | കെ.ബജീഷ്, വി.ഇ.ഒ. |
| 1-15 ബി. | 20,000 | കെ.ബജീഷ്, വി.ഇ.ഒ. |
| 1-21 | 2,47,300 | മുസ്തഫ.ടി.പി, സെക്രട്ടറി |
| 1-22 | 20,000 | കെ.ബജീഷ്, വി.ഇ.ഒ. |
| 1-24 | 2,56,597 | കെ.ബജീഷ്, വി.ഇ.ഒ. |
| ആകെ | 9,89,379 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രാജശ്രീ. സി.എച്ച്, സെക്രട്ടറി | സെക്രട്ടറി, തൂണേരി ഗ്രാമ പഞ്ചായത്ത് | നിയതം ഹൗസ്, കോടഞ്ചേരി, പുറമേരി, കോഴിക്കോട് |
| ശ്രീ. ബജീഷ്. കെ, വി.ഇ.ഒ | വി.ഇ.ഒ, ചെക്യാട് | കോറോത്ത് വീട്, അരവിന്ദഘോഷ് റോഡ്, പുതുപ്പണം |
| ശ്രീ.പി.പി.രാജൻ,ഹെഡ്മാസ്റ്റർ | റിട്ടയർഡ് | കുറ്റിപ്പുറമ്പത്ത് വീട്, നരിപ്പറ്റ പി.ഒ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ. എഫ്.എസ്.2/1135/99തീ.08/11/99 | 6 (31, 34, 35, 36, 37, 38) |
| 1998-99 | എൽ.എഫ്.എസ്.2/1377/01തീ.08/11/99 | 11,( 20, 34, 36, 40, 42, 43, 44, 45, 46, 47(3), 47(4), 48) |
| 1999-00 | എൽ.എഫ്.എസ്.2/1606/01തീ.07/06/99 | 3, (29, 33, 35) |
| 2000-01 | എൽ.എഫ്.എസ്.1/1102/03തീ.04/12/03 | 19, (7,8, 9(എ, ബി.) 10, (ഡി.സി.ബി.), 2, 3, 4, 5, 6, 7, 8, 9, 10, 11, 12) |
| 2001-02 | എൽ.എഫ്.പി.2/117/05തീ.06/08/05 | 3, (3-2, 3-3, 3-4) |
| 2002-03 | എൽ.എഫ്.എസ്.1/1017/06തീ.04/11/06 | 4, (3-3, 3-5, 3-6, 3-7) |
| | | |

| | | |
|---|---|---|
| 2003-04 | എൽ.എഫ്. കെ.കെ.ഡിഎസ്.1/708/07തീ.05/10/07 | 8, (3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8) |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.പി.5/1336/09തീ.05/10/09 | 11,( 3-1 മുതൽ 3-11 വരെ) |
| 2005-06 | എൽ.എഫ്. കെ.കെ.ഡി.പി.5/1338/09തീ.05/10/09 | 14, (3-1 മുതൽ 3-14 വരെ) |
| 2006-07 | എൽ.എഫ്. കെ.കെ.ഡി.പി.5/1339/09തീ.05/10/09 | 17, (2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-10 വരെ) |
| 2007-08 | എൽ.എഫ്.<br>കെ.കെ.ഡി.എസ്.1/141/10തീ.09/05/2010 | 19 (3-1, 3-2, 3-3, 3-4,<br>3-5, 3-6, 3-7, 3-8, 3-9, 3-12,<br>3-14, 3-15, 3-17, 3-20, 3-22,<br>3-24,4-4, 4-7) |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി.11/230/12തീ.24/08/12 | 24 (1-2,, 1-3, 1-4, 1-5, 2-1, 2-2,<br>2-3, 3-1, 3-2, 3-3, 3-4, 3-5,<br>3-6, 3-7, 3-8, 3-9, 3-10, 3-11,<br>3-12, 4-1, 4-2, 4-3, 4-6, 4-7) |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി.11/1407/12തീ.24/08/12 | 37 (1-1, 1-2, 1-3, 1-4,<br>1-5, 1-6, 1-7, 1-8,2-1, 2-2,<br>2-3, 2-4,2-5, 2-6, 2-7,<br>2-8,3-1, 3-2, 3-3, 3-4,<br>3-5, 3-6, 3-7, 3-9, 3-10,<br>3-11,3-12, 3-13, 3-14, 3-15,<br>3-16, 3-17, 3-18, 3-19, 4-1,<br>4-2, 4-3) |
| 2010-11<br>2011-12 | എൽ.എഫ്. കെ.കെ.ഡി.പി.11/77/13തീ.18/07/13 | 17 (2-2 മുതൽ 2-3 വരെ<br>3-1 മുതൽ 3-17 വരെ)<br>(3-10, 3-17 ഒഴികെ) |
| 2012-13 | എൽ.എഫ്. കെ.കെ.ഡി.പി.11/1447/16തീ.07/01/16 | 10 (2-2, 3-1, 3-2, 3-3,<br>3-4,3-7, 3-9, 3-11, 4-3,<br>4-10 ബി) |
| 2013-14<br>2014-15 | എൽ.എഫ്. കെ.കെ.ഡി.പി.11/1276/16തീ.20/07/16 | 13 (2-1, 2-2, 3-2, 3-3,<br>3-4, 3-6,സ 3-8, 3-9,<br>3-10,3-12, 3-13, 3-14, 3-16) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.11/2137/2016തീ.17/12/16 | 20 (2-5, 2-7, 3-1, 3-2, 3-3,<br>3-4, 3-5, 3-6, 3-7, 3-8, 3-9,<br>3-10, 3-11, 3-12, 3-13, 3-15,<br>3-17, 3-18, 3-20, 3-21) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.11/1565/2017തീ.10/08/17 | 4 (2-1, 3-1, 3-2, 3-5) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.11/1057/<br>2019 തി.04.07.2019 | 13(1-12(1),1-12(എ1-എ8),2-2(എ-ബി),3-2(1),3-2(2),3-4,3-5, |

| | | |
|---|---|---|
| | | 3-6(എ),3-6(ബി),3-7,3-10,4-10) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.10/366/2020 തി.18.01.2021 | 1-6,1-7(1),(4),(5),(11),1-8(1),(2) 1-9(1),(2),(4),(5),(6), 1-11,1-12,1-13,1-14,1-15,1-16,1-17, 1-18,1-19,1-20,1-21,1-22,1-25,1-26, 1-27,1-28,1-29,1-30,1-31,1-34 2-1,3-1,4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്